# പുണ്യശ്ലോകനായ മോർ പീലക്സിനോസ് ശാമുവേൽ തിരുമേനി: മലബാർ ഭദ്രാസനത്തിന്റെ ശില്പി



സരുൺ മാണി ആടുകാലിൽ



കോന്നിക്കടുത്ത വകയാറിൽ പ്രസിദ്ധ വൈദീക കുടുംബത്തിൽ, ചരിവുവിളയിൽ ഗീവർഗീസിന്റേയും, ഈട്ടിമൂട്ടിൽ അന്നമ്മയുടേയും, ആറു മക്കളിൽ മൂത്തവനായി 1930 മെയ് മാസം 4-ാം തീയതി ശമൂവേൽ ജനിച്ചു. വളരെ ചെറുപ്പം മുതലേ പ്രാർത്ഥനാ ജീവിതവും, ദൈവഭക്തിയും കൈമുതലാക്കിയ ശാമൂവേൽ ബാലൻ നോമ്പും, നമസ്കാരവും അനുഷ്ഠിക്കുന്നതിൽ അതീവ തത്പരനായിരുന്നു. സണ്ടേസ്കൂൾ പ്രസ്ഥാനവുമായി വളരെ അടുത്ത ബന്ധം പുലർത്തിയിരുന്ന ബാലൻ, പിന്നീട് മെത്രാപ്പോലിത്തയായി വാഴിക്കപ്പെട്ടതിന് ശേഷം എം ജെ എസ് എസ് എ യുടെ പ്രസിഡന്റായും സേവനം അനുഷ്ഠിച്ചു.

കോന്നി കെ. കെ. എൻ. മെമ്മോറിയൽ സ്കൂളിൽ ആയിരുന്നു ശാമൂവേൽ 7-ാം ക്ലാസ് വരെ പഠിച്ചത്. പിന്നീട് കോന്നി റിപബ്ലിക്കൻ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചേർന്ന് തേർഡ് ഫോറം പാസായി. തുടർന്ന് വീണ്ടും കെ. കെ. എൻ ഹൈസ്കൂളിൽ ചേർന്ന് എസ്. എസ്. എൽ. സി. പാസായി. പന്തളം എൻ. എസ്. എസ്. കോളേജിൽ നിന്ന് ഇന്റർമീഡിയറ്റ് പാസായി. മലയാളം ഐച്ഛിക വിഷയമായെടുത്ത് ആലുവ യു. സി. കോളേജിൽ നിന്ന് ബി. എയും, അതേ വിഷയത്തിൽ ചങ്ങനാശേരി എസ്. ബി. കോളേജിൽ നിന്ന് എം. എയും പാസായി.

1956 ഫെബ്രുവരി മാസം പുണ്യശ്ലോകനായ മോർ ദീവന്നാസിയോസ് മീഖായേൽ തിരുമേനിയുടെ നിർദ്ദേശാനുസരണം കാലം ചെയ്ത, കിഴക്കിന്റെ വലിയ മെത്രാപ്പോലിത്ത, 'കൂബർ നീത്തിഹാക്കിമോ', ഏബ്രഹാം മോർ ക്ലീമ്മീസ് തിരുമേനിയിൽ നിന്നും 'കോറൂയോ' പട്ടം സ്വീകരിച്ചു. മഞ്ഞനിക്കര ദയറായിൽ നിന്ന് സുറിയാനിയിൽ പഠനം പൂർത്തിയാക്കി. 1959 ഫെബ്രുവരി 14 ന് തൃക്കുന്നത്ത് സെമിനാരിയിൽ വച്ച്, 'മലങ്കരയുടെ ഉരുക്ക് മനുഷ്യൻ' എന്നറിയപ്പെടുന്ന പുണ്യശ്ലോകനായ വയലിപ്പറമ്പിൽ ഗീവർഗീസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്തായിൽ നിന്നും 'കശീശാ' പട്ടവും സ്വീകരിച്ചു.

സുറിയാനിയിലും, മലയാളത്തിലും അഗാധ പാണ്ഡിത്യം ഉണ്ടായിരുന്നു. ഫാ. സി. ജി. സാമൂവേൽ, പ. സഭയിലെ അറിയപ്പെടുന്ന ഒരു വാഗ്മിയായിരുന്നു. സഭയിൽ സമാധാനം സംജാതമായിരുന്ന സമയമായിരുന്നതിനാൽ കോട്ടയം പഴയ സെമിനാരിയിൽ സുറിയാനി പഠിപ്പിക്കുന്നതിനായി നിയോഗിക്കപ്പെട്ടു. കോട്ടയം ബസേലിയോസ് കോളേജിൽ മലയാളം അദ്ധ്യാപകനായി സേവനം അനുഷ്ഠിക്കുകയും ചെയ്തിരുന്നു. തനിക്ക് ലഭിച്ചുകൊണ്ടിരുന്ന വരുമാനത്തിന്റെ നല്ലൊരു പങ്ക് സാമ്പത്തികമായി പിന്നോക്കം നിന്നിരുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി മാറ്റി വച്ചിരുന്നു. പ. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിലുള്ള കോട്ടയം ഭദ്രാസനത്തിലെ പാമ്പാടി സെന്റ് മേരീസ് സിംഹാസന പള്ളിയുടെ സഹവികാരിയുമായി അക്കാലയളവിൽ ഫാ. സി. ജി. ശാമൂവേൽ സേവനം അനുഷ്ഠിച്ചിരുന്നു. സഭയിലെ സാമ്പത്തികമായി പിന്നോക്കം നിന്നിരുന്ന മക്കളുടെ ആത്മീകാവശ്യങ്ങൾ പ്രതിഫലം വാങ്ങാതെ അദ്ദേഹം ചെയ്ത് കൊടുത്തിരുന്നു.

1970കളിൽ സഭയിൽ തർക്കം ഉടലെടുത്തപ്പോൾ, പണ്ഡിതനും, വാഗ്മിയും ഒരു നല്ല സംഘാടകനുമായിരുന്ന ശാമൂവേലച്ചനിൽ ഒരു ഇടയശ്രേഷ്ഠനെ പ. സഭ കണ്ടെത്തി. 1975 ഡിസംബർ 25ന് പുത്തൻകുരിശ് മോർ ഏലിയാ ചാപ്പലിൽ വെച്ച് 'മലങ്കരയുടെ പ്രകാശഗോപുരം' കാലം ചെയ്ത ശ്രേഷ്ഠ കാതോലിക്ക, ആബൂൻ മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായിൽ നിന്ന് 'ശാമൂവേൽ' എന്ന പേരിൽ തന്നെ റമ്പാനായി വാഴിക്കപ്പെട്ടു. പ്രസ്തുത ചടങ്ങിൽ വെച്ച് മലബാറിലെ നമ്മുടെ മക്കൾക്ക് ഒരു നല്ല ഇടയനെ നാം കണ്ടെത്തിയിരിക്കുന്നു എന്ന് ശ്രേഷ്ഠ ബാവ അരുളി ചെയ്തു.

1975 ഡിസംബർ 26ന് അങ്കമാലിയിലുള്ള തുരുത്തിശേരി സിംഹാസന പള്ളിയിൽ വെച്ച് നടന്ന മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം നടന്ന ദിവസം രാവിലെ തുരുത്തിശേരി പളളിക്ക് സമീപം തയ്യാറാക്കിയ പ്രത്യേക മദ്ബഹായിൽ വച്ച് ശ്രേഷ്ഠ കാതോലിക്ക ബാവ മറ്റ് മെത്രാപ്പോലിത്താമാരുടെ സഹകരണത്തിൽ ശാമൂവേൽ റമ്പാനെ ശാമൂവേൽ മോർ പീലക്സിനോസ് എന്ന നാമത്തിൽ മലബാറിന്റെ പ്രഥമ ഇടയനായി വാഴിച്ചു. ശ്രേഷ്ഠ ബാവ, കാതോലിക്ക ബാവയായതിനു ശേഷം ആദ്യമായി വാഴിക്കപ്പെട്ട ശാമൂവേൽ മോർ പീലക്സിനോസ് തിരുമേനിക്ക്, താൻ മെത്രാപ്പോലിത്തയായിരുന്നപ്പോഴുണ്ടായിരുന്ന സ്ഥാനപ്പേര് തന്നെ ശ്രേഷ്ഠ ബാവ നൽകി.

1976 ജനുവരി മാസം 6ന് ദനഹപെരുന്നാൾ ദിവസം, അഭിവന്ദ്യ പിതാവ് മലബാർ ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുത്ത് 'സുന്ത്രോണീസോ' മീനങ്ങാടി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ വച്ച് നടത്തി. താല്കാലിക ക്രമീകരണമെന്നോണം കത്തീഡ്രൽ ദൈവാലയത്തിന്റെ മുറിയിൽ താമസിച്ച് ഭദ്രാസനത്തിന്റെ ഭരണകാര്യങ്ങൾ നിർവ്വഹിച്ച് പോന്നു.

അഭി. പിതാവ് ചുമതലയേറ്റെടുത്തതിന് ശേഷം 1976ന് മടന്ന പാത്രിയർക്കാ ദിനാഘോഷ പരിപാടിയിൽ സെൻസസ് കമ്മറ്റി പ്രസിഡന്റായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. പാത്രിയർക്കാ ദിനാഘോഷത്തിന് അന്ത്യോഖ്യായിൽ നിന്നും വന്നിരുന്ന അമേരിക്കയിലെ മോർ അത്താനാസ്യോസ്, ഹോംസിലെ ബർന്നബാ മോർ മിലിത്തോസ്, അന്ത്യോഖ്യാ പ്രതിനിധി അപ്രേം മോർ തീമോത്തിയോസ്, ശ്രേഷ്ഠ കാതോലിക്ക ബാവ തുടങ്ങിയവർക്ക് സുൽത്താൻ ബത്തേരിയിൽ വെച്ച് ശാമൂവേൽ മോർ പീലക്സിനോസ് തിരുമേനിയുടെ നേതൃത്വത്തിലും, റവ. ഫാ. പി. സി. മീഖായേൽ പുല്ല്യാട്ടേൽ തുടങ്ങിയവരുടെ നേതൃത്വത്തിലും, നിയന്ത്രണത്തിലും നടത്തപ്പെട്ട സ്വീകരണം മലബാറിലെ സത്യവിശ്വാസികൾക്ക് നവോന്മേഷം നൽകി.

സാമ്പത്തികമായും, വികസനപരമായും വളരെ പിന്നോക്കം നിന്നിരുന്ന മലബാർ മേഖലയിലെ പ. സഭയെ നയിക്കുന്നതിനായി ഇറങ്ങിത്തിരിച്ചപ്പോൾ, അഭി. പിതാവിന് ശക്തി നൽകിയത് "എന്നെ അനുഗമിക്കുവാൻ ഇച്ഛിക്കുന്നവൻ, തന്നെത്തന്നെ ത്യജിച്ച് തന്റെ ക്രൂശ് എടുത്തുകൊണ്ട് അനുഗമിക്കട്ടെ" എന്ന കർത്തൃവചനമായിരുന്നു. ഒരു മലയോര കർഷക കുടംബത്തിൽ ജനിച്ച അഭി. പിതാവിന് മലബാർ മേഖലയിലെ പ്രത്യേകിച്ചു തന്റെ കർമ്മമേഖലയായിരുന്ന വയനാട്ടിലെ കഷ്ടപ്പാടുകൾ ഒരു പേടിസ്വപ്നമായിരുന്നില്ല. "മുളക് ചമ്മന്തിയും, കപ്പയും, കട്ടൻകാപ്പിയും കിട്ടുമെങ്കിൽ എവിടെയും പോകാൻ തയ്യാറാണെടാ"! എന്നദ്ദേഹം പറയുമായിരുന്നു. ഒരു പ്രമേഹ രോഗിയായിരുന്ന തിരുമേനി കിട്ടുന്ന ആഹാരം എന്തും മടി കൂടാതെ ഭക്ഷിക്കുമായിരുന്നു. "മലബാറിലെ പാവപ്പെട്ട കൃഷിക്കാർ അവർക്കുളളത് എനിക്ക് ഭക്ഷിക്കാൻ തരുന്നു. അവർ സന്തോഷമായി ഭക്ഷിക്കാൻ തരുന്നതെന്തും ഞാൻ ഭക്ഷിക്കാൻ ബാധ്യസ്ഥനാണ്" എന്നദ്ദേഹം വിശ്വസിച്ചിരുന്നു. പ്രമേഹരോഗം വകവയ്ക്കാതെ മലബാറിലെ ഓരോ ഭവനവും കയറിയിറങ്ങി, അവർ സന്തോഷപൂർവ്വം നൽകിയിരുന്ന അരിയും, കപ്പയും, കുരുമുളകും, തേങ്ങയും മറ്റും സ്വീകരിച്ച് അത് തന്റെ സഭ പണിയുന്നതിനായി കരുതി വച്ചു. കടുത്ത രോഗത്തെയും, ക്ഷീണത്തേയും വകവയ്ക്കാതെ "എനിയ്ക്ക് മലബാറിൽ പോയേ പറ്റൂ" എന്ന് പറഞ്ഞ് പോകുന്ന തിരുമേനിയെ അത്ഭുതത്തോടെയും, തെല്ലൊരു ആരാധനയോടെയും മാത്രമാണ് ബന്ധുക്കളും മറ്റുളളവരും കണ്ടിരുന്നത്.

സത്യവിശ്വാസത്തിൽ ആരംഭം മുതൽ അടിയുറച്ച് നിൽക്കുന്ന മലബാർ ഭദ്രാസനം, സമാധാനത്തിന്റെ മറവിൽ തോമസ് മാർ തിമോത്തിയോസ് തിരുമേനി (ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ ഇപ്പോഴത്തെ കാതോലിക്ക ദിദിമോസ് ബാവ), ഭദ്രാസനത്തിലെ സത്യവിശ്വാസികളുടെ പളളികളിലും ആധിപത്യം നിലനിർത്താൻ ശ്രമിച്ചപ്പോൾ, സത്യവിശ്വാസികൾക്ക് ഏറെ പീഢനം അനുഭവിക്കേണ്ടി വന്നു. വേളങ്കോട് പളളിയിൽ വി. കുർബ്ബാന അർപ്പിച്ചുകൊണ്ടിരുന്ന ഫാ. തോമസ് കിളിയങ്കുന്നത്തിനെ വി. വസ്ത്രങ്ങളോടെ മറുവിഭാഗം പുറത്തിറക്കി. ചീങ്ങേരി സെന്റ് മേരീസ് പളളിയിൽ സത്യവിശ്വാസികൾക്ക് പോലീസ് ലാത്തിചാർജ്ജ് നേരിടേണ്ടിവന്നു. മലങ്കരയിൽ ഇദംപ്രഥമായ ആ ദൈവാലയം പൂട്ടപ്പെടുകയും ചെയ്തു. സുൽത്താൻ ബത്തേരിയിൽ ബഹുഭൂരിപക്ഷമായ സത്യവിശ്വാസികളും, ഫാ. സണ്ണി കൊച്ചുപറമ്പിൽ, ഫാ. റ്റി. എസ്. ഏലിയാസ് എന്നീ വൈദീകരും, മലബാറിന്റെ ഇടയശ്രേഷ്ഠൻ ശാമൂവേൽ മോർ പീലക്സിനോസ് തിരുമേനിയും പോലീസ് മർദ്ദനം ഏൽക്കുവാനിടയായി. അഭി. തിരുമേനിയേയും, മറ്റുളളവരേയും ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അഭി. തിരുമേനി തൽസംബന്ധമായി പ്രസിദ്ധീകരിച്ച പ്രസ്താവനയിൽ ഇപ്രകാരം പറയുന്നു...

"ബത്തേരി സംഭവം അറിഞ്ഞ് സ്ഥലത്തെത്തിയ നാം കണ്ടത് പോലീസ് വികാരി ഫാ. സണ്ണിയേയും, ഫാ. റ്റി. എസ്. ഏലിയാസിനേയും അവരോടൊപ്പമുണ്ടായിരുന്ന ജനങ്ങളേയും മർദ്ദിക്കുന്ന കാഴ്ചയായിരുന്നു. നമ്മുടെ അച്ചന്മാരേയും, ജനങ്ങളേയും മർദ്ദിക്കരുതെന്നാവശ്യപ്പെട്ട നമ്മെയും പോലീസ് മർദ്ദിച്ചു. ഒരു സഭാമേലദ്ധ്യക്ഷനെ പോലീസ് മർദ്ദിച്ച സംഭവം സ്വതന്ത്ര ഇന്ത്യയിൽ നടന്നതായി കേട്ടുകേൾവി പോലുമില്ല...." ഇക്കാര്യം അറിഞ്ഞ അഭി. തോമസ് മോർ ദിവന്നാസ്യോസ് തിരുമേനി (ഇപ്പോഴത്തെ നമ്മുടെ ശ്രേഷ്ഠ കാതോലിക്ക ബാവ) ഉടനെ മലബാറിലെത്തി വേണ്ട കാര്യങ്ങൾ ചെയ്തു.

08.01.1978ന് തൃക്കുന്നത്ത് സെമിനാരി പ്രശ്നത്തിൽ ഉപവാസമനുഷ്ഠിക്കന്ന അഭി. തോമസ് മോർ ദിവന്നാസ്യോസ് (ശ്രേഷ്ഠ ബാവ) തിരുമേനിയോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് നടത്തിയ 'ആലുവ ഗ്രേറ്റ് മാർച്ചിൽ' ആയിരക്കണക്കിന് സത്യവിശ്വാസികളോടും, അഭിവന്ദ്യരായ ഏബ്രഹാം മോർ ക്ലീമ്മീസ്, ഗീവർഗീസ് മോർ ഗ്രിഗോറിയോസ് എന്നീ മെത്രാപ്പോലിത്താമാരോടും അഭി. ശാമൂവേൽ മോർ പീലക്സിനോസ് തിരുമേനിയും അറസ്റ്റ് വരിച്ചു.

എല്ലാ പ്രയാസങ്ങൾക്കിടയിലും, മലബാർ ഭദ്രാസനത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി പലപ്പോഴും തിരുവന്തപുരത്ത് സെക്രട്ടറിയേറ്റിൽ അഭി. തിരുമേനി പോകുമായിരുന്നു. മലബാറിൽ പ. സഭയ്ക്ക് പളളികളും ഭദ്രാസനത്തിന്റെ ഒരു ആസ്ഥാനവും, സ്കൂളുകളും, കോളേജുകളും സ്ഥാപിക്കുക എന്നത് അഭി. പിതാവിന്റെ അഭിലാഷമായിരുന്നു. ആയതിന് വേണ്ട പ്ലാനും മറ്റും വരച്ച് നൽകുന്നതിന് പലപ്പോഴും തന്നോട് ആവശ്യപ്പെട്ടിരുന്നതായി അദ്ദേഹത്തിന്റെ സഹോദര പുത്രനും, കർണ്ണാടകയിലെ സൂരത്ത്കലിലുളള എൻ. ഐ. റ്റി.യിലെ സിവിൽ എഞ്ചിനിയറിങ് പ്രൊഫസറുമായ ഡോ. വർഗീസ് ജോർജ്ജ് ഓർമ്മിക്കുന്നു. കൊടും ദാരിദ്രത്തിലും, കഷ്ടതയിലും മലബാറിലെ ഓരോ കൊച്ചുകുടംബവും നൽകിയ ചില്ലിക്കാശ് ഉപയോഗിച്ചാണ് അദ്ദേഹം ഭദ്രാസനം കെട്ടിപ്പടുത്തത്. 1977ലെ ഭദ്രാസന പളളി പ്രതിപുരുഷയോഗ തീരുമാന പ്രകാരം, കത്തീഡ്രലിനോട് ചേർന്ന് റോഡ് സൈഡിലുളള 22 സെന്റ് സ്ഥലവും അവിടെ ഉണ്ടായിരുന്ന പഴയ കെട്ടിടവും വാങ്ങി, ഭദ്രാസനാസ്ഥാനവും അരമനയുമായി പ്രവർത്തനം ആരംഭിച്ചു. സ്വന്തമായുണ്ടായിരുന്ന ഉദ്ദ്യോഗവും വരുമാനവും ത്യജിച്ച് മലബാറിലെ പ. സഭയെ നയിക്കാൻ ഇറങ്ങിത്തിരിച്ച പിതാവ് സ്നേഹത്തിന്റേയും, ത്യാഗത്തിന്റേയും നിറകുടമായിരുന്നു. പ. അന്ത്യോഖ്യാ സിംഹാസനത്തോടുളള അദ്ദേഹത്തിന്റെ ആത്മാർത്ഥതയും, കൂറും, അചഞ്ചലമായിരുന്നു. ഇക്കാലയളവിലാണ് അദ്ദേഹം എം. ജെ. എസ്. എസ്. എ.യുടെ പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ടത്. ജെ. എസ്. വി. ബി. എസ്. ആരംഭിച്ചത് അദ്ദേഹത്തിന്റെ കാലത്തായിരുന്നു.

1978-79ൽ അഭി. തിരുമേനി വിശുദ്ധ നാടുകൾ സന്ദർശിച്ചു. ദമസ്കോസിൽ പ. പാത്രിയർക്കീസ് ബാവായുടെ കൂടെ ഒരാഴ്ച കാലം താമസിച്ചു. മലബാറിലെ തന്റെ ജനത്തെയും പളളികളെയും പ. അന്ത്യോഖ്യാ വിശ്വാസത്തിൽ നിലനിർത്തുന്നതിന് വേണ്ട കാര്യങ്ങൾ പ. പിതാവുമായി സംസാരിക്കുകയും, പ. പിതാവ് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തിരിച്ചെത്തിയ തിരുമേനി പ. ബാവായുടെ നിർദ്ദേശാനുസരണം കാര്യങ്ങൾ നിർവ്വഹിച്ചു പോന്നു. വലിയ പളളികളിൽ നിന്നും ലഭിച്ചിരുന്ന മെഴുകുതിരിക്കാലുകളും മറ്റും ചെറിയ പളളികളിൽ കൂദാശയ്ക്ക് പോകുമ്പോൾ കൊണ്ടുപോയിരുന്നു. ഇങ്ങനെ ശൂന്യതയിൽ നിന്നും, മലബാർ ഭദ്രാസനത്തിന്റെ വളർച്ചയ്ക്ക് വേണ്ട എല്ലാ കാര്യങ്ങളും ചെയ്ത് തീർത്ത് അഭി. പിതാവാണ് മലബാർ ഭദ്രാസനത്തിന്റെ യഥാർത്ഥ ശില്പി.

ഭദ്രാസനത്തിന്റെയും, സഭ മുഴുവന്റെയും വളർച്ചയ്ക്കായി അക്ഷീണം പ്രവർത്തിച്ചിരുന്ന തിരുമേനി സ്വന്തം അനാരോഗ്യത്തെപ്പോലും വകവച്ചിരുന്നില്ല. 1985 ജനുവരി 16ന് കോട്ടയത്തേക്കുളള യാത്രാ മദ്ധ്യേ പ്രമേഹരോഗം കലശലായപ്പോൾ എറണാകുളം ലിസി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. "ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു" എന്ന് വി. പൗലോസ് അപ്പോസ്തോലൻ പറഞ്ഞതുപോലെ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്ത, ആ പുണ്യപിതാവ് 1985 ജനുവരി 17ന് ഹൃദയസ്തംഭനം മൂലം ഇഹലോകവാസം വെടിഞ്ഞു. ആ ദുഃഖ വാർത്ത ഭദ്രാസനാസ്ഥാനത്തെത്തുകയും, ഭദ്രാസനത്തിലെ എല്ലാ പളളികളിൽ നിന്നും ഈ മഹാദുഃഖ വാർത്ത അറിയിക്കുന്നതായ മണി നാദം മുഴങ്ങിക്കൊണ്ടിരുന്നു. കത്തീഡ്രൽ പളളിയുടെ മദ്ബഹയുടെ വടക്ക് വശത്തുളള മുറിയിൽ തിരുമേനിയ്ക്ക് അന്ത്യവിശ്രമ സ്ഥലം ഒരുക്കുന്നതിനുളള ശ്രേഷ്ഠ ബാവായുടെ പ്രത്യേക അറിയിപ്പ് വരുകയും, ആയതിനുളള ഒരുക്കങ്ങൾ ചെയ്യുകയും ചെയ്തു. ജനുവരി 18ന് രാവിലെ 7 മണിക്ക് അനേക വാഹനങ്ങളുടെ അകമ്പടിയോടെ അഭി. പിതാവിന്റെ ഭൗതിക ശരീരം കത്തീഡ്രലിൽ എത്തിച്ചേർന്നു. തങ്ങളുടെ എല്ലാമെല്ലാമായിരുന്ന ശാമൂവേൽ തിരുമേനിയെ അവസാനമായി ഒരു നോക്കുകാണ്മാൻ ആയിരങ്ങൾ കത്തീഡ്രലിലേക്ക് ഒഴുകിയെത്തി. ഉച്ചയ്ക്ക് 2 മണിയോടെ നഗരികാണിക്കൽ ആരംഭിച്ചു. എന്റെ ജനമേ, നിങ്ങൾ സമാധാനത്തോടെ വസിച്ചാലും എന്ന് പുരോഹിതൻ പിതാവിന് വേണ്ടി വിളിച്ച് പറഞ്ഞതിന് മറുപടിയായി "ഞങ്ങളുടെ വന്ദ്യപിതാവേ അങ്ങ് സമാധാനത്തോടെ പോയാലും" എന്ന് ആയിരങ്ങൾ കണ്ണുനീരോടും, കണ്ഠമിടറിയും പറഞ്ഞുകൊണ്ടിരുന്നു. നഗരിക്കാണിക്കലിന് ശേഷം ഭൗതിക ശരീരം കത്തീഡ്രൽ ദൈവാലയത്തിൽ എത്തിചേരുകയും, ശുശ്രൂഷയുടെ അവസാനഭാഗമായി താൻ ശുശ്രൂഷിച്ച ഇടവകയോടും, ജനങ്ങളോടും വിട ചോദിക്കുന്ന ദുഃഖാർദ്രമായ 'വിടവാങ്ങൽ ശുശ്രൂഷ' നടത്തപ്പെട്ടു.

ശ്രേഷ്ഠ കാതോലിക്ക ബാവായുടെ പ്രധാന കാർമ്മികത്വത്തിലും, പ. സഭയിലെ മറ്റെല്ലാ മെത്രാപ്പോലിത്താമാരുടേയും സഹകാർമ്മികത്വത്തിലും, അനേകം വൈദീകരുടേയും, സാമൂഹിക - രാഷ്ട്രീയ - സാംസ്കാരിക നേതാക്കന്മാരുടെ സാന്നിധ്യത്തിലും, ആയിരക്കണക്കിന് വിശ്വാസികളുടെ സാന്നിധ്യത്തിലും, അഭി. പിതാവിന്റെ കബറടക്ക ശുശ്രൂഷ നടത്തപ്പെട്ടു. തുടർന്ന് നടന്ന അനുശോചന യോഗത്തിൽ ശ്രേഷ്ഠ കാതോലിക്ക ബാവ, "മലബാർ ഭദ്രാസനത്തിന് സ്വന്ത ജീവൻ നൽകിയ സഹദ" ആണ് തിരുമേനി എന്ന് പ്രസ്താവിക്കുകയുണ്ടായി. തനിക്ക് തന്റെ മുത്തമകനെ നഷ്ടമായിരിക്കുന്നു എന്ന ശ്രേഷ്ഠ ബാവായുടെ വികാര നിർഭരമായ വാക്കുകൾ ജനസഹസ്രങ്ങൾ നിറകണ്ണുകളോടെയും വിങ്ങുന്ന ഹൃദയവുമായാണ് കേട്ടിരുന്നത്.

ഇന്ന് ഈ കബറിടം അനേകായിരങ്ങൾക്ക് ആശ്രയമാണ്. അനേകർ ദിനംതോറും ഈ പുണ്യ പിതാവിന്റെ മദ്ധ്യസ്ഥതയിൽ ആശ്വാസം കണ്ടെത്തുന്നു. അനേകം അത്ഭുതങ്ങൾ ഈ പുണ്യശ്ലോകന്റെ മദ്ധ്യസ്ഥതയിൽ ഈ കബറിങ്കൽ നടക്കുന്നു. വളരെ ചുരുങ്ങിയ കാലംകൊണ്ട് തന്നെ ഈ കബറിടം ഒരു തീർത്ഥകേന്ദ്രമായി മാറിയിരിക്കുന്നു. അനേകായിരങ്ങൾ എല്ലാ വർഷവും ജനുവരി 17ന് നടക്കുന്ന ശ്രാദ്ധപെരുന്നാളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുന്നു.

യഥാർത്ഥ വിശ്വാസത്തിന്റെ പാതയിലൂടെ നമ്മെ വഴി നടത്തിയ ഈ പുണ്യപിതാവിന്റെ മദ്ധ്യസ്ഥത നമ്മുക്ക് എന്നും കോട്ടയും സങ്കേതവും ആയിരിക്കും. ആ മദ്ധ്യസ്ഥതയിൽ നമ്മുക്കും അഭയപ്പെടാം.